(ഡി) പ്രസ്തുത പെൻഷൻ വിതരണത്തിലെ അവ്യക്തതമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾഎന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരിന് വ്യക്തമായ നയപരിപാടിയുണ്ട്. ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ മുഖേനയാണ് ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നത്.

(ബി) ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ മുഖേന ഗുണഭോക്താവിന്റെ താൽപ്പര്യ പ്രകാരം ബാങ്ക്, പോസ്റ്റോഫീസ് ഇവയിലെ ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ അക്കൗണ്ട് മുഖേനയും തീരെ അവശരായ ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് മണി ഓർഡർ മുഖേനയുമാണ് പെൻഷൻ വിതരണം ചെയ്യുന്നത്.

(സി) അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യുന്നതിനാവശ്യമായ തുക ബന്ധപ്പെട്ട സ്ഥപാനങ്ങൾക്ക് കൈമാറുന്നുണ്ട്.

(ഡി) പെൻഷൻ വിതരണം സംബന്ധിച്ച് അവ്യക്തതകൾ നിലവിലില്ല. പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് തുക യഥാസമയം ലഭിക്കാതെ വന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറുന്നതിനും അതുവഴി കൃത്യമായി തുക ലഭിക്കുന്നതിനും അവസരം നൽകിയിട്ടുണ്ട്. കൂടാതെ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിനായി തുക കൈപ്പറ്റുന്നതിന് പോസ്റ്റൽ വകുപ്പ് തയ്യാറാകാത്തതിനാൽ 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള പെൻഷൻ ചെക്ക് മുഖേന വിതരണം ചെയ്തിട്ടുണ്ട്.

നിർഭയ കേന്ദ്രങ്ങൾ

223 (3063) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിക്രമങ്ങൾക്കിരയായ സ്ത്രീകളെയും കുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്താകെ എത്ര നിർഭയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്, എവിടെയെല്ലാമാണ്, ഓരോ നിർഭയ കേന്ദ്രത്തിലും എത്രപേരെ പുനരധിവസിപ്പിച്ചിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർഭയ കേന്ദ്രങ്ങളിൽ നിന്നും അന്തേവാസികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളെന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) നിർഭയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി 2015-2016-ൽ എത്ര തുക വകയിരുത്തി; എത്രതുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ) സംസ്ഥാനത്താകെ 11 നിർഭയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിൽ താഴെ പറയും പ്രകാരം സ്ത്രീകളെ/കുട്ടികളെ നിലവിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്.

1	തിരുവനന്തപുരം പൂജപ്പുര മെയിൻ	27
2	തിരുവനന്തപുരം പൂജപ്പുര അനക്സ്	42
3	തിരുവനന്തപുരം വെഞ്ഞാറമൂട്	34
4	എറണാകുളം	19
5	ഇടുക്കി	29
6	മലപ്പുറം	27
7	പാലക്കാട്	19
8	വയനാട്	36
9	തൃശ്ശൂർ	8
10	കോഴിക്കോട്	14
11	കാസർഗോഡ്	29

(ബി) നിർഭയ കേന്ദ്രങ്ങളിൽ നിന്നും അന്തേവാസികൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ താഴെപ്പറയുന്നവയാണ്.

സംരക്ഷണം	താമസം, ഭക്ഷണം, വസ്ത്രം, നിയമസംരക്ഷണം, ചികിത്സ, വിദ്യാഭ്യാസം, നിയമകൗൺസിലിംഗ്
പുനരധിവാസത്തിനുള്ള പ്രവർത്തനങ്ങൾ	തൊഴിൽ പരിശീലനം, മാനസികാരോഗ്യം വീണ്ടെടുക്കുന്നതിനുള്ള പരിപാടികൾ

(സി) 2015-16-ൽ നിർഭയ പദ്ധതികളുടെ നടത്തിപ്പിനായി ആകെ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനത്തിനായി 250.29 ലക്ഷം രൂപ അനുവദിച്ചു ഇതിൽ നിന്നും 162.36 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly